**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 918** **09-10-2024 - ൽ മറുപടിയ്ക്ക്**

**കണ്ടൽക്കാടുകളുടെ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കണ്ടൽക്കാടുകളുടെ സംരക്ഷണത്തിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കി വരുന്നത്;വിശദമാക്കാമോ; | (എ) | 2006-07 വർഷം മുതൽ കണ്ടൽക്കാടുകളുടെ സംരക്ഷണത്തിനായുള്ള പദ്ധതി കേന്ദ്ര സഹായത്തോടെ സാമൂഹ്യ വനവൽക്കരണവിഭാഗം നടപ്പിലാക്കുന്നുണ്ട്. Conservation and management of Mangroves എന്ന പ്രസ്തുത കേന്ദ്രാവിഷ്കൃത പദ്ധതി(60% CSS) പ്രകാരം വേമ്പനാട്, കണ്ണൂർ മേഖലകളിൽ ഉൾപ്പെട്ട ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ കണ്ടൽ സംരക്ഷണ പ്രവർത്തികൾ നടത്തി വരുന്നു. കണ്ടൽത്തൈകളും, തീരപ്രദേശങ്ങളിൽ നട്ടുപിടിപ്പിക്കാവുന്ന അനുബന്ധ തൈകളായ കാറ്റാടി, രാമച്ചം, പൂവരശ്ശ് എന്നിവ ഉത്പാദിപ്പിച്ച് നേരിട്ട് നട്ടുപിടിപ്പിക്കുകയും, സ്വകാര്യ ഭൂമിയിൽ നട്ടുപിടിപ്പിക്കുന്നതിനായി പൊതു ജനങ്ങൾക്ക് വിതരണം നടത്തുകയും ചെയ്യുന്നു. കണ്ടൽച്ചെടി നടുന്നവർക്കും സംരക്ഷിക്കുന്നവർക്കും പ്രോത്സാഹനമായി പ്രസ്തുത സ്കീമിൽ ഉൾപ്പെടുത്തി കുടിവെള്ള വിതരണം, ഗ്യാസ് കണക്ഷൻ, ബയോ ഗ്യാസ് പ്ലാന്റ് നിർമ്മാണം, മീൻകുഞ്ഞുങ്ങളുടെ വിതരണം എന്നീ പ്രവൃത്തികളും നടത്തിവരുന്നു. കണ്ടലിന്റെ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി ബോധവൽക്കരണ ക്ലാസ്സുകൾ, വർക്ക്ഷോപ്പുകൾ, സെമിനാറുകൾ എന്നിവ നടത്തിവരുന്നുണ്ട്. കണ്ടലിന്റെ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്ന തരത്തിലുള്ള ബോർഡുകൾ, ബാനറുകൾ, ബ്രോഷറുകൾ എന്നിവ തയ്യാറാക്കി വിതരണം ചെയ്തുവരുന്നു.<br><br>സ്വകാര്യ വ്യക്തികൾക്ക് തങ്ങളുടെ ഭൂമിയിലെ കണ്ടൽ സംരക്ഷിക്കുന്നതിനായി ഏക്കറിന് 4,000 രൂപ നിരക്കിൽ ജി.ഒ (ആർ.റ്റി)നം.485/16/വനം, തീയതി 24/12/16 സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങൾ അനുസരിച്ച് ധനസഹായം നൽകി വരുന്നു. കൂടാതെ |

കണ്ണൂർ ജില്ലയിൽ തീരദേശ മേഖലയിലെ ആവാസ വ്യവസ്ഥയിൽ പ്രധാന പങ്കുവഹിക്കുന്ന കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതിനായി MISHTI (Mangrove Initiative for Shoreline Habitats & Tangible Incomes) എന്ന കേന്ദ്ര പദ്ധതി പ്രകാരം ഒന്നാം ഘട്ടത്തിൽ 66.60 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്.

മലപ്പുറം ജില്ലയിൽ കണ്ടൽ കാണപ്പെടുന്ന പഞ്ചായത്ത്/മുൻസിപ്പാലിറ്റി-യുമായി ബന്ധപ്പെട്ട് സാധ്യമാകുന്ന സ്ഥലങ്ങളിലെല്ലാം കണ്ടൽ ചെടികൾ വച്ചുപിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കോഴിക്കോട് ഡിവിഷനുകീഴിൽ കണ്ടൽ പ്രദേശങ്ങളിൽ പങ്കാളിത്ത ഹരിത സമിതി രൂപീകരിച്ച് കണ്ടൽ സംരക്ഷണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നുണ്ട്. കണ്ടൽ ദിനത്തോടനുബന്ധിച്ച് MGNREGS സഹകരണത്തോടെ തലക്കുളത്തൂർ പഞ്ചായത്തിൽ കണ്ടൽത്തൈകൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്. കാസർഗോഡ് ഡിവിഷനിൽ നിലവിൽ സർക്കാർ അധീനതയിലുള്ള കണ്ടൽക്കാടുകളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി അതത് വകുപ്പുകളുടെ സഹകരണത്തോടുകൂടി റിസർവ്വ് വനമായി പ്രഖ്യാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കാസർഗോഡ് ജില്ലയിൽ 54 ഹെക്ടർ കണ്ടൽ വനങ്ങൾ റിസർവ്വ് വനമായി പ്രഖ്യാപിച്ചിട്ടുണ്ട്.

ആലപ്പുഴ ജില്ലയിൽ കണ്ടൽക്കാടുകളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി 2018-19 വർഷം 60,000 കണ്ടൽത്തൈകൾ ഉത്പാദിപ്പിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ നട്ടുപിടിപ്പിച്ചിട്ടുണ്ട്. 2021-22 വർഷം അന്ധകാരനഴി കാരാളം തോടിൽ വകുപ്പ് നേരിട്ട് 16,000 കണ്ടൽത്തൈകൾ നട്ടുപിടിപ്പിച്ചു. ചേർത്തല താലൂക്കിൽ വേമ്പനാട് കായലിലെ പെരുമ്പളം ദ്വീപിൽ 2022-23, 2023-24 വർഷങ്ങളിൽ 40,000 കണ്ടൽത്തൈകൾ വച്ചുപിടിപ്പിച്ചു. MISHTI പദ്ധതി പ്രകാരം പെരുമ്പളം, ചേന്നംപള്ളിപ്പുറം എന്നിവിടങ്ങളിൽ 400 കണ്ടൽത്തൈകൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്.

എറണാകുളം ജില്ലയിൽ പുതുവൈപ്പ് വില്ലേജിൽ 65.83 ഹെക്ടർ കണ്ടൽ പ്രദേശം 09.03.2021 തീയതിയിലെ G.O (P)No.05/2021/F&WLD സർക്കാർ ഉത്തരവ് പ്രകാരവും, തൃശ്ശൂർ ജില്ലയിൽ വെണ്മനാട് വില്ലേജിൽ 94.77 ഹെക്ടർ കണ്ടൽ പ്രദേശം 15.02.2021 തീയതിയിലെ G.O(P)No.03/2021/F&WLD

| | | | |
|---|---|---|---|
| | | | സർക്കാർ ഉത്തരവ് പ്രകാരവും 1962-ലെ കേരള വനം നിയമം, സെക്ഷൻ-(4) പ്രകാരം റിസർവ്വ് വനമായി നോട്ടിഫൈ ചെയ്തിട്ടുണ്ട്. |
| (ബി) | കണ്ടൽ ടൂറിസത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് പദ്ധതി ആവിഷ്കരിക്കുന്ന കാര്യം പരിഗണിക്കുമോ? | (ബി) | കണ്ടൽ ടൂറിസത്തിന്റെ സാധ്യതകൾ പരിശോധിക്കുന്നതിനായി 'Livelihood opportunities and community based sustainable tourism in mangrove areas'എന്ന വിഷയത്തെ അധികരിച്ച് ഒരു ശിപാശാല സംഘടിപ്പിച്ചിരുന്നു. കണ്ടൽ വനങ്ങളുമായി ബന്ധപ്പെട്ട പഠനങ്ങൾ നടത്തുന്ന ഗവേഷണ കേന്ദ്രങ്ങളുടെയും, മറ്റ് തല്പര കക്ഷികളുടെയും അഭിപ്രായ നിർദ്ദേശങ്ങൾ ക്രോഡീകരിക്കുന്നതും പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ